**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം. 1340**

**06/03/2018-ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതി**

| ചോദ്യം<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ. ജി.എസ്.ജയലാൽ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.മുഹമ്മദ് മുഹസിൻ പി | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലൈഫ് ഭവന പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ; | (എ) | പൂർത്തീകരിക്കാത്ത 66750 ഭവനങ്ങളിൽ 9448 ഭവനങ്ങൾ പൂർത്തീകരിച്ചു. നിലവിൽ ഭൂമിയുള്ള ഭവനരഹിതരായിട്ടുള്ള ഗുണഭോക്തൃ പട്ടികയിലുള്ള എല്ലാവർക്കും അടുത്ത വർഷം ഭവനം നല്കും. 1034 തദ്ദേശ സ്ഥാപനങ്ങളിൽ 1022 സ്ഥാപനങ്ങൾ അന്തിമ ഗുണഭോക്തൃ പട്ടിക അംഗീകരിച്ചിട്ടുണ്ട്. 14 ജില്ലകളിൽ ഭൂമിയില്ലാത്ത ഭവന രഹിതർക്കായി ഭവന സമുച്ചയങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു. ആദ്യ ഘട്ടത്തിൽ ഏറ്റെടുക്കുന്നത് കൊല്ലം , ഇടുക്കി , പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കാസർഗോഡ് ജില്ലകളെ ആണ്. |
| (ബി) | വിവിധ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം തുടങ്ങിയതും എന്നാൽ പാതി വഴിയിൽ നിലച്ചതുമായ വീടുകളുടെ പുനർനിർമ്മാണം എന്ന് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ? | (ബി) | പൂർത്തീകരിക്കാത്ത ഭവനങ്ങൾ 2018 മാർച്ച് 31-ന് പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ലൈഫ് പദ്ധതിക്ക് ആവശ്യമായ തുക തദ്ദേശസ്ഥാപനങ്ങൾക്ക് വായ്പ നൽകുമോ;ഇക്കാര്യത്തിൽ സർക്കാർ സമീപനം വ്യക്തമാക്കുമോ? | (സി) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക ആവശ്യമുള്ള തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതത്തിനുപുറമേ വായ്പയായി കണ്ടെത്തി നൽകുന്നതാണ്. |
| (ഡി) | റേഷൻ കാർഡില്ലാത്തതിനാൽ പദ്ധതിയിൽ ഉൾപ്പെടാൻ കഴിയാതെപോയ അഗതികളായ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിന് നടപടി | (ഡി) | ലൈഫ് മിഷന്റെ മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹരായവരും എന്നാൽ റേഷൻ കാർഡ് ഇല്ല എന്ന കാരണത്താൽ ഒഴിവാക്കി പോയിട്ടുള്ള അഗതികളെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ഇവർക്ക് റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് താലൂക്ക് സപ്ലൈ ഓഫീസുകളെ ചുമതലപ്പെടു |

| | | | |
|---|---|---|---|
| | സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | ത്തുന്നതിനും ഇത്തരം സന്ദർഭങ്ങളിൽ പ്രത്യേക പരിശോധന നടത്തി തദ്ദേശ സ്വയംഭരണ സമിതിയുടെ ശുപാർശയിൽ ജില്ലാ കളക്ടറുടെ അനുമതിയോടെ അഗതിയായുള്ളവരെ ഗുണഭോക്തൃ പട്ടികയിൽ ചേർക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ